# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.587** **05.06.2018-ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി**

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കിഫ്ബിയുടെ ധനസമാഹരണത്തിനായി കെ.എസ്.എഫ്.ഇ. തുടങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്ന പ്രവാസി ചിട്ടി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) & (ബി) | പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ തയ്യാറായിട്ടുണ്ട്. 2018 ജൂലൈ ആദ്യ വാരത്തോടെ ചിട്ടിയിൽ വരിക്കാരെ ചേർത്തു തുടങ്ങാമെന്ന് പ്രതീക്ഷിക്കുന്നു. ഇതിലേക്കായി മൊബൈൽ ആപ് പുറത്തിറക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനകം എത്രപേർ ചിട്ടിയിൽ ചേരുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്; ചിട്ടിയിൽ ചേരുന്നവർക്കാവശ്യമായ ഏതെങ്കിലും മൊബൈൽ ആപ് പുറത്തിറക്കിയിട്ടുണ്ടോ; | | |
| (സി) | പ്രവാസി ചിട്ടിക്ക് ആർ.ബി.ഐ. യുടെ അനുമതി ആവശ്യമാണോ; എങ്കിൽ പ്രസ്തുത അനുമതി ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ചിട്ടി നിയമ പ്രകാരം ലഭിക്കേണ്ട അനുമതികൾ റിസർവ്വ് ബാങ്കിൽ നിന്നും ലഭിച്ചിട്ടുണ്ട്. റിസർവ്വ് ബാങ്കിന്റെ നോട്ടിഫിക്കേഷൻ നമ്പർ 337/2015 -RB dt. മാർച്ച് 02 , 2015 , 338/2015-RB dt. മാർച്ച് 02, 2015 എന്നിവ പ്രകാരം പ്രവാസികളെ ചിട്ടികളിൽ അംഗമാക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ